"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പരിസ്ഥിതി വകുപ്പ് - ഗവേഷണ സ്ഥാപനങ്ങളിലും യൂണിവേഴ്സിറ്റികളിലും എ.ബി.എസ്. (Access and Benefit Sharing - ABS) സെൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

G.O.(Ms)No.1/2025/ENVT തീയതി,തിരുവനന്തപുരം, 29-08-2025

---

പരാമർശം:- 1. കേന്ദ്ര ജൈവവൈവിധ്യ നിയമം 2002 & കേന്ദ്ര ജൈവവൈവിധ്യ (ഭേദഗതി) നിയമം 2023

2. കേന്ദ്ര ജൈവവൈവിധ്യ ചട്ടം 2004 & 2024

3. സംസ്ഥാന ജൈവവൈവിധ്യ ചട്ടം 2008

4. കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാവ്യതിയാന മന്ത്രാലയം (Ministry of Environment, Forest and Climate Change (MoEFCC)) ABS നടപ്പാക്കുന്നത് സംബന്ധിച്ച് ജി.എസ്.ആർ 827 തീയതി 21.11.2014 പ്രകാരം പുറത്തിറക്കിയിട്ടുള്ള നിർദ്ദേശങ്ങൾ (Guidelines on Access to Biological Resources and Associated Knowledge and Benefits Sharing Regulations, G.R.S.827 dated 21.11.2014).

5. 29.01.2024 ലെ അഞ്ചാമത് സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കമ്മിറ്റി യോഗതീരുമാനം

**ഉത്തരവ്**

അന്താരാഷ്ട്ര ജൈവവൈവിധ്യ ഉടമ്പടിയുടെ (CBD) ഭാഗമായി ഇന്ത്യാഗവൺമെൻറ് പാസാക്കിയ ജൈവവൈവിധ്യ ആക്ട് 2002, കേന്ദ്ര ജൈവവൈവിധ്യ ചട്ടം 2004 എന്നിവ ജൈവസമ്പത്തിന്മേൽ രാജ്യത്തിന് പരമാധികാരം നൽകുകയും ജൈവവിഭവങ്ങളെ ഗവേഷണത്തിനും, വ്യാവസായിക ആവശ്യങ്ങൾക്കും മറ്റും വിനിയോഗിക്കുമ്പോൾ അവയുടെ സുസ്ഥിരത ഉറപ്പാക്കുകയും ചെയ്യുന്നു. ആയത് സംസ്ഥാന തലത്തിൽ നടപ്പിലാക്കുന്നതിന് സഹായകരമായ രീതിയിൽ സൂചന 3 പ്രകാരം സംസ്ഥാന ജൈവവൈവിധ്യ ചട്ടവും നിലവിൽ വന്നിട്ടുണ്ട്. ഇതിനുപരിയായി ഗവേഷണപ്രവർത്തിനങ്ങൾക്കായി ജനിതക ഉറവിടങ്ങളും അവയുമായി ബന്ധപ്പെട്ട അറിവുകളും ഉപയോഗിക്കുന്ന അവസരത്തിൽ അവയുടെ ഉപയോഗത്തിൽ നിന്നും ആർജ്ജിതമാകുന്ന ഏതൊരു നേട്ടത്തിനും ആനുപാതികമായി ന്യായമായ വിഹിതം ഉടമകളുമായി പങ്കുവയ്ക്കുന്നത് ഉറപ്പ്

വരുത്തുന്നതിനായി 2010-ൽ ഐക്യരാഷ്ട്രസഭ നഗോയാ ഉടമ്പടി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെ തുടർന്ന് ജൈവവിഭവങ്ങൾ വിനിയോഗിക്കുമ്പോൾ പ്രയോജനങ്ങളുടെ നീതിപൂർവ്വമായ പങ്കുവയ്ക്കൽ രാജ്യത്ത് ഉറപ്പാക്കുന്നതിനായി പരാമർശം (4) പ്രകാരമുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

2. മേൽ വ്യവസ്ഥകൾ നമ്മുടെ സംസ്ഥാനത്തെ ഗവേഷണ മേഖലയിൽ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് പരാമർശം (5)-ലെ ശിപാർശ പ്രകാരം ഗവേഷണ സ്ഥാപനങ്ങളിലും യൂണിവേഴ്സിറ്റികളിലും ഒരു എ.ബി.എസ് സെൽ രൂപീകരിക്കുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. പ്രധാനമായും ജൈവവൈവിധ്യ നിയമത്തിലെ വകുപ്പ് 3, 4, 5, 6, 7, 38, 39-ലെ വ്യവസ്ഥകൾ സംസ്ഥാനത്ത് പാലിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ജൈവവിഭവങ്ങളും അവയുമായി ബന്ധപ്പെട്ട അറിവുകളും ഗവേഷണ ആവശ്യങ്ങൾക്കായി പ്രാപ്തമാക്കുമ്പോൾ ജൈവവൈവിധ്യ സംരക്ഷണം, സുസ്ഥിര ഉപയോഗം, ബൗദ്ധിക സ്വത്തവകാശ സംരക്ഷണം, ജൈവ വിഭവങ്ങളിൽ നിന്നുള്ള പ്രയോജനങ്ങളുടെ നീതിപൂർവ്വകമായ പങ്കുവയ്ക്കൽ എന്നിവ ഉറപ്പാക്കുകയും പ്രാദേശിക സമുദായങ്ങളുടെ ജൈവ വിഭവങ്ങളിന്മേൽ ഉള്ള അവകാശങ്ങൾ പരിഗണിക്കുകയും അവർക്ക് അർഹമായ പ്രയോജനം പങ്കുവയ്ക്കുന്നുണ്ടെന്ന് ഈ വകുപ്പുകൾ പാലിക്കുന്നതിലൂടെ ഉറപ്പവരുത്തുന്നതാണ്. കൂടാതെ, കേന്ദ്ര ജൈവവൈവിധ്യ (ഭേദഗതി) നിയമം 2023, കേന്ദ്രജൈവവൈവിധ്യ ചട്ടം 2024 എന്നിവ നിലവിൽ വരുകയും ജൈവവൈവിധ്യ നിയമത്തിലെ സെക്ഷൻ 3, 4, 5, 6, 7, 38, 39 എന്നിവയുടെ വ്യവസ്ഥകൾ പാലിക്കുന്നതിന് വേണ്ടിയുള്ള പുതുക്കിയ നിർദ്ദേശങ്ങളും നടപടികളും സംസ്ഥാനത്ത് നടപ്പിലാക്കേണ്ട സാഹചര്യവും വന്നിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയും, അക്കാദമിക് ഗവേഷണ സ്ഥാപനങ്ങളിൽ എ.ബി.എസ്. സെൽ രൂപീകരിച്ച് ജൈവവൈവിധ്യ നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്ത് പാലിക്കുന്നതിനുള്ള അവബോധം നൽകേണ്ടത് അനിവാര്യമാണെന്ന് ബോധ്യപ്പെടുകയും ചെയ്തു. ഈ സാഹചര്യത്തിൽ കേരളത്തിൽ സ്ഥിതിചെയ്യുന്ന എല്ലാ ഗവേഷണ സ്ഥാപനങ്ങളിലും യൂണിവേഴ്സിറ്റികളിലും എ.ബി.എസ്. സെൽ രൂപീകരിക്കുന്നതിന് അംഗീകാരം നൽകി കൊണ്ട് ഉത്തരവാകുന്നു. കൂടാതെ, ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, ആയതിലേക്ക് ആവശ്യമായ മാർഗ്ഗരേഖ തയ്യാറാക്കി ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ളവ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനും കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിനെ ചുമതലപ്പെടുത്തികൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SEERAM SAMBASIVA RAO I A S**

**SPECIAL SECRETARY**

1. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
2. പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ, (ആഡിറ്റ് / എ & ഇ), കേരള
3. കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും (കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മുഖേന)
4. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ)
5. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Royi J
Date: 30-08-2025 11:58:54

സെക്ഷൻ ഓഫീസർ